6649


**പ്രൊഫ. സി. രവീന്ദ്രനാഥ്**

വിദ്യാഭ്യാസ വകുപ്പുമന്ത്രി

കേരള സർക്കാർ


നം.190/2018/എം.(ഇ.ഡി.എൻ) 13.08.2018

പ്രിയ ഹെഡ്മാസ്റ്റർ,

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാം നടത്തിയ മഹത്തായ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ രണ്ട് അദ്ധ്യയന വർഷങ്ങളിലായി 3,31,179 വിദ്യാർത്ഥികൾ പുതിയതായി എത്തിയിട്ടുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ കൈവരിക്കാൻ കഴിഞ്ഞ ഈ അഭിമാനകരമായ നേട്ടത്തിൽ താങ്കളും സഹപ്രവർത്തകരും വഹിച്ച നിസ്വാർത്ഥമായ സേവനത്തിന് സംസ്ഥാന സർക്കാരിനുള്ള നന്ദിയും അഭിനന്ദനങ്ങളും സന്തോഷപൂർവ്വം അറിയിക്കട്ടെ. ഈ അദ്ധ്യയന വർഷം മികവിന്റെ വർഷമായി മാറ്റുന്നതിന് വിദ്യാഭ്യാസ വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന **"ശ്രദ്ധ"**, **"മലയാളതിളക്കം"**, **"ഹലോഇംഗ്ലീഷ്"**, **"ഗണിതംമധുരം"** പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന പരിഹാര ബോധനക്ലാസുകൾക്കും താങ്കളുടെയും സഹപ്രവർത്തകരുടെയും സജീവമായ നേതൃത്വം ഉണ്ടാകണമെന്നും "മികവിന്റെ വർഷം" എന്ന ആശയം സാർത്ഥകമാക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പം അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ കൂടി പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**എല്ലാവർക്കും ഈദ്-ഓണം ആശംസകൾ.**

സസ്നേഹം

സി. രവീന്ദ്രനാഥ്


ഓഫീസ് : മൂന്നാം നില, അനക്സ്-2

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001

ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487 2383229

മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org ഇ-മെയിൽ : m.n.ednoffice@gmail.com